31

# ദൈവമുന്നറിയിപ്പുകളെ അവഗണിക്കുന്നതിന്റെ മൗഢ്യം

## (വെളിപ്പാട് 9:20, 21 & 11:14, 15)

വാഷിങ്ങ്ടൺ ആകാശത്തിൽ നൂറുകണക്കിന് അടി ഉയരത്തിൽ മൗണ്ട് ഹെലെൻസ് ചാരനിറത്തിൽ ചിറക് വിരിച്ച് ഉയരുന്നു. അഗ്നിപർവ്വതം ഉടനെ പൊട്ടിപ്പുറപ്പെടും എന്നതിന്റെ വ്യക്തമായ "മുന്നറിയിപ്പായിരുന്നു!" അപ്പോൾ, പട്രോൾ കാറുകളിൽ കൂടെയും ഹെലികോപ്റ്ററുകളിൽ കൂടെയും ഉച്ചഭാഷിണിയിലൂടെ അറിയിപ്പുണ്ടാകും. റോഡുകൾ മറികടക്കുന്ന ഓരോ സ്ഥാനത്തും ബാറ്ററി–കൊണ്ട് പ്രവർത്തിപ്പിക്കുന്ന അടയാളങ്ങളും കാണിക്കും. റേഡിയോ, ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളിൽ കൂടെയും മുന്നറിയിപ്പുണ്ടാകും. ആളുകൾ തങ്ങളുടെ ജീവനും കൊണ്ട് ഗ്രാമ പ്രദേശങ്ങളിലേക്കും സന്ദർശക കേന്ദ്രങ്ങളിലേക്കും ഓടിപ്പോകും.

രക്ഷപ്പെടുവാനുള്ള മുന്നറിയിപ്പുകൾ കേട്ടിട്ടും ഹാരി മാറിയില്ല. സ്പിരിറ്റ് ലേക്ക് എന്ന സ്ഥലത്ത് ഒരു റിക്രിയേഷൻ ലോഡ്ജിൽ ജോലി ചെയ്യുകയായിരുന്നു ഹാരി, ആ സ്ഥലം മൗണ്ട് സെയിന്റ് ഹെലെൻസ് പർവ്വതത്തിൽ നിന്ന് അഞ്ചുമൈൽ വടക്കായിട്ടായിരുന്നു. മുന്നറിയിപ്പുകാർ അദ്ദേഹത്തെ മുന്നറിയിച്ചു, അയൽക്കാരെല്ലാം തങ്ങളോടുകൂടെ രക്ഷപ്പെടുവാൻ ആവശ്യപ്പെട്ടു. ഹാരിയുടെ സഹോദരി വിളിച്ച് ആ പ്രായമായ മനുഷ്യനോട് ബുദ്ധിയുപദേശിക്കയുമുണ്ടായി – പക്ഷെ ഹാരി അവരുടെയെല്ലാം മുന്നറിയിപ്പുകൾ അവഗണിച്ചുകളഞ്ഞു. ടെലിവിഷൻ മുന്നറിയിപ്പുകൾ കേട്ട് ഹാരി പറഞ്ഞു, "ഈ പർവ്വതത്തെ കുറിച്ച് ഹാരിക്കല്ലാതെ മറ്റാർക്ക് അറിയാം, അത് തന്റെ മേൽ വന്നു പതിക്കയില്ല" എന്ന് അദ്ദേഹം ധൈര്യമായി പറഞ്ഞു.

1980 മെയ് 18 ന്, പർവ്വതത്തിനടിയിൽ നിന്ന് തിളച്ചുകൊണ്ടിരുന്ന വാതകങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ഹാരി തന്റെ മുട്ടകൾ വേവിക്കുകയും ബേക്കൺ ഉണ്ടാക്കുകയും ചെയ്തു തന്റെ പതിനാറു പൂച്ചകൾക്കും ഭക്ഷണം കൊടുത്തുകഴിഞ്ഞ് പുതുതായി വാങ്ങിയ സ്ഥലത്തിന്റെ അതിരുകളിൽ ചെടി വെച്ചുപിടിപ്പിക്കുന്ന രാവിലെ 8.31 ന് പർവ്വതം പൊട്ടി.

ഹിരോഷിമയിൽ അണുബോംബ് പൊട്ടിയതിന്റെ അഞ്ഞൂറിരട്ടി ശക്തിയിലായിരുന്നു അഗ്നിപർവ്വതം പൊട്ടിയത്. ദശലക്ഷക്കണക്കിന് പാറകൾ നുറുങ്ങി ആകാശത്തേക്ക് ഉയർന്ന് അഞ്ചുമൈൽ പൊങ്ങി. ശബ്ദത്തേക്കാൾ വേഗതയുള്ള ഷോക്ക് വേവ്സ് 150 ചതുരശ്രമൈലുകൾ എല്ലാം നിലം പരിചാക്കിത്തീർത്തു. അമ്പതടി ഉയരത്തിൽ മണ്ണും ചാരവും പർവ്വതത്തിനരികിൽ കൂടെ ഒഴുകുവാൻ തുടങ്ങി.

ഒരിക്കൽ അദ്ദേഹം താമസിച്ചിരുന്ന വാഷിങ്ങ്ടണിന്റെ മൂലയിൽ, മുന്നറിയിപ്പുകളെ അവഗണിച്ചതായ വൃദ്ധനായ ഹാരിയെ കുറിച്ചുള്ള ഗാനങ്ങൾ ഉയരുന്നു.[1]

പാപികളോടുള്ള ദൈവത്തിന്റെ കാഹളമുന്നറിയിപ്പുകളെ കുറിച്ച് നാം പല പാഠങ്ങൾ പഠിച്ചു. ആദ്യത്തെ നാല് കാഹളങ്ങൾ ഊതിക്കൊണ്ട് ദൈവം ആളുകൾക്ക് ഭൗതികദുരന്തങ്ങൾ വരുന്നതിന് മുൻപ് മുൻകരുതലെടുക്കുവാൻ നിർദ്ദേശിക്കുകയായിരുന്നു. അഞ്ചാം കാഹളം ഊതിയപ്പോൾ, പാപത്താൽ ആളുകളിൽ വരുന്ന ദണ്ഡനത്തിന്, ഭൂതബാധിതരായ വെട്ടുക്കിളികളുടെ ഉപദ്രവം മനുഷ്യർക്കുണ്ടായി. ആറാമത്തെ കാഹളം ഊതിയപ്പോൾ, പാപികളെ സുബോധം വരുത്തുവാൻ "നരകത്തിൽനിന്ന് കുതിരക്കാരെ" വരുത്തി. എന്നാൽ ആളുകളുടെ പ്രതികരണം ആ വ്യദ്ധനായ ഹാരിയുടേതായിരുന്നു എന്ന് ഖേദപൂർവ്വം പറയട്ടെ. കുറച്ചോ അല്ലെങ്കിൽ കൂടുതലോ, ആളുകൾ തങ്ങൾക്ക് ലഭിച്ച മുന്നറിയിപ്പുകളെ അവഗണിച്ചു:

> ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ, ദുർഭൂതങ്ങളെയും കാൺമാനും, കേൾപ്പാനും, നടപ്പാനും വഹിയാത്ത പൊന്ന്, വെള്ളി, ചെമ്പ്, കല്ല്, മരം ഇവ കൊണ്ടുള്ള ബിംബങ്ങളെയും നമസ്കരിക്കാതവണ്ണം തങ്ങളുടെ കൈപ്പണിവിട്ട് മാനസാന്തരപ്പെട്ടില്ല. തങ്ങളുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, ദൂഷണം എന്നിവ വിട്ടു മാനസാന്തരപ്പെട്ടതുമില്ല (9:20, 21).

ഏഴ് കാഹളങ്ങളെ കുറിച്ച് ഞാൻ പഠിച്ചപ്പോൾ എന്റെ മനസിലേക്ക് വന്നത് 2 പത്രൊസ് 3:9, 10 ആണ്:

> ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.

പല പ്രധാനപ്പെട്ട സത്യങ്ങൾ ആ വാക്യങ്ങൾ പഠിപ്പിക്കുന്നുണ്ട്: (1) ആളുകൾ നശിച്ചുപോകാതിരിക്കണം എന്ന കാരണം നിമിത്തമാണ് – കർത്താവ് വരുവാൻ താമസിക്കുന്നത്. (2) പാപികൾ മാനസാന്തരപ്പെടണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്, കാരണം മാനസാന്തരം കൂടാതെ ആർക്കും അവന്റെ അടുക്കൽ എത്തുവാൻ കഴിയുകയില്ല. (3) ഒരിക്കൽ കർത്താവിന്റെ ക്ഷമയുടെ പരിധി തീരുകയും കർത്താവിന്റെ ദിവസം വരികയും ചെയ്യും. പിന്നെ അവന്റെ മുന്നറിയിപ്പുകളെ അവഗണിച്ച എല്ലാവരും അവന്റെ ക്രോധശക്തി അനുഭവിക്കേണ്ടി വരും. ആ വിഷയങ്ങൾ ഓരോന്നും കാഹളങ്ങളെ കുറിച്ച് പറയുന്ന വേദഭാഗങ്ങളിലുണ്ട്.

ഈ പാഠത്തിൽ, നാം ആറാമത്തെ കാഹളങ്ങളെ കുറിച്ചുള്ള പഠനം അവസാനിപ്പിക്കുകയും (9:20, 21) – ഏഴാമത്തേതിനായി കാത്തിരിക്കുകയും ചെയ്യുന്നു (11:14, 15).

## ആരും നശിച്ചുപോകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല (9:20)

"ആരും നശിച്ചുപോകാതിരിക്കേണ്ടതിന്ന് ... നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നു ..." (2 പത്രൊസ് 3:9).

പാപത്തിന്റെ ഫലം *പ്രകൃതിയിൽ ഉളവാകുന്നതിനെയാണ്* ആദ്യത്തെ നാല് കാഹളങ്ങൾ സൂചിപ്പിക്കുന്നതെന്ന് നാം പറയുകയുണ്ടായി, എന്നാൽ അഞ്ചാമത്തെ കാഹളം പാപിയിൽ തന്നെ ഉളവാകുന്ന ഫലത്തെയാണ് കാണിക്കുന്നത്, ആറാമത്തെ കാഹളം വ്യക്തമാക്കുന്നത് *മറ്റുള്ളവരിൽ* പാപത്തിന്റെ ഫലം അനുഭവപ്പെടുന്നതിനെയാണ് സൂചിപ്പിക്കുന്നത്. "അവയെല്ലാം തന്നെ മനുഷ്യന്റെ സ്വയം - പര്യാപ്തതയും അഹങ്കാരവും കുറക്കുവാനുള്ള ദൈവത്തിന്റെ ശ്രമമാണ്."[2] ലിയോൺ മോറിസ് എഴുതി,

> നമ്മുടെ പാപത്തിന്റെ ദുഷിച്ചഫലത്തെ അനുവദിച്ചുകൊണ്ട് നമ്മെ ദൈവം മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുകയാണ്. മനുഷ്യരുടെ പാപത്തിന്റെ ഫലമായിട്ട് ദുർഭൂതങ്ങളെ പുറത്തുവിടുന്നതായിട്ടാണ് യോഹന്നാൻ ഒരു വീക്ഷണത്തിൽ കാണുന്നത്. എന്നാൽ മറ്റൊരു വിധത്തിൽ അത് ദൈവം അച്ചടക്കം വരുത്തുന്നതായിരുന്നു, ഉദ്ദേശമില്ലാതെയല്ല ദൈവം അച്ചടക്കം വരുത്തുന്നത്. അത് നീതിപൂർവ്വകമായ മാറ്റത്തിനു വേണ്ടിയാണെന്ന് അറിയണം.[3]

ദൈവം എല്ലാ വ്യക്തികളെ കുറിച്ചും കരുതുന്നു. യോഹന്നാന്റെ കാലത്തും അവൻ ആളുകളെ കുറിച്ച് കരുതിയിരുന്നു (വെളിപ്പാട് 9:20). അവൻ നിങ്ങളെ കുറിച്ച് കരുതും. അവൻ എന്നെ കുറിച്ചും കരുതും.

## എല്ലാവരും മാനസാന്തരപ്പെടണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു (9:20, 21)

### ദൈവത്തിന്റെ ആവശ്യം

എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. "ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടേണമെന്നാണ്" അവൻ ഇച്ഛിക്കുന്നത് (2 പത്രൊസ് 3:9). പാപം നമ്മെ ദൈവത്തിൽനിന്നകറ്റുന്നു (യെശയ്യാവ് 59:1, 2), നാം പാപത്തെ ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് മടങ്ങണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ദാനിയേൽ റസൽ പറഞ്ഞു,

> അതുകൊണ്ടാണ് ബൈബിളിൽ നീണ്ട ഒരു മാനസാന്തരം ആവശ്യപ്പെട്ടിരിക്കുന്നത്. പ്രവാചകന്മാർ പറഞ്ഞു, "തിരിയുക, തിരിയുക, നിങ്ങൾ എന്തിന് മരിക്കുന്നു?" മരുഭൂമിയിൽ വെച്ച് യോഹന്നാൻ, അത്യുച്ചത്തിൽ മാനസാന്തരപ്പെടുക, എന്നു നിലവിളിച്ച് പറഞ്ഞു. മാനസാന്തരം ആവശ്യപ്പെടുന്നതായിരുന്നു യേശുവിന്റെ അടിക്കടിയുള്ള ഉപദേശം. "ഞാൻ നീതിമാന്മാരെ രക്ഷിപ്പാനല്ല വന്നത്, പിന്നെയോ പാപികളെ മാനസാന്തരത്തിലേക്ക് നയിക്കുവാനാണ്." ... പത്രൊസ് പറയുന്നു "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് പാപമോചനത്തിനായി. യേശുക്രി

> സ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുവിൻ" അരയോപകക്കുന്നിൽ വെച്ച് പൗലൊസ് പറഞ്ഞു, "നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ട്, തിരിഞ്ഞുകൊൾവിൻ." എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ, "ഇപ്പോൾ [അവൻ] എല്ലാവരോടും എല്ലായിടത്തും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോട് കൽപിക്കുന്നു." ... മനുഷ്യസ്വഭാവത്തിന് ആവശ്യമുള്ള സമൂലമായ മാറ്റം ആവശ്യപ്പെടുന്ന പുസ്തകമാണ് ബൈബിൾ; മനുഷ്യൻ മാനസാന്തരപ്പെട്ടുകൊണ്ടാണ് അടിസ്ഥാനപരമായും, അത്യാവശ്യമായും വേണ്ടതാണ് മാനസാന്തരം ... എന്ന് അത് വ്യക്തമാക്കുന്നു.[4]

**മനുഷ്യന്റെ പ്രതികരണം**

മനുഷ്യർ മാനസാന്തരപ്പെടുവാൻ ദൈവം കഴിയുന്നതെല്ലാം ചെയ്തു എന്നാണ് ഏഴ് കാഹളങ്ങളും വ്യക്തമാക്കുന്നത്. എങ്ങനെയായാലും, മനുഷ്യവർഗത്തിൽ, കുറച്ചോ അല്ലെങ്കിൽ കൂടുതലോ പേർ അനുതപിക്കാതെ കഴിഞ്ഞു എന്ന് യോഹന്നാന് രേഖപ്പെടുത്തേണ്ടി വന്നു. വാക്യം 20 പറയുന്നു, "ഈ ബാധകളാൽ മരിക്കാത്ത, ശേഷം മനുഷ്യരോ തങ്ങളുടെ കൈപ്പണി വിട്ട് മാനസാന്തരപ്പെട്ടില്ല ..." വാക്യം 21-ൽ ആവർത്തിക്കുന്നത്, അവർ "മാനസാന്തരപ്പെട്ടില്ല ..." എന്നാണ്.

വാക്യം 20 ലും 21 ലും അവർ ഏതെല്ലാം പാപങ്ങളിൽ നിന്നാണ് മാനസാന്തരപ്പെടാതിരുന്നത് എന്ന് യോഹന്നാൻ പ്രത്യേകമായി എടുത്തു പറയുന്നുണ്ട്. തങ്ങളെ നശിപ്പിക്കുന്ന മനോഭാവത്തിലും പ്രവൃത്തിയിലും അവർ തുടർന്നുകൊണ്ടിരുന്നു എന്നാണ് അവൻ പറഞ്ഞത്. ഒന്നാമത് *ഹൃദയത്തിന്റെ പാപങ്ങൾ* - പ്രത്യേകിച്ച് വിഗ്രഹാരാധന എന്ന പാപം: അവർ "ദുർഭൂതങ്ങളെയും,[5] കാൺമാനും കേൾപ്പാനും നടപ്പാനും വഹിയാത്ത പൊന്ന്, വെള്ളി, ചെമ്പ്, കല്ല്, മരം ഇവ കൊണ്ടുള്ള തങ്ങളുടെ കൈപ്പണി വിട്ട് മാനസാന്തരപ്പെട്ടില്ല" (വാ. 20).[6]

വളരെ മുൻപ് ദൈവം പറഞ്ഞു,

> ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.
>
> ഒരു വിഗ്രഹം ഉണ്ടാക്കരുത്, മീതെ സ്വർഗത്തിലെങ്കിലും, താഴെ ഭൂമിയിലെങ്കിലും, ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും യാതൊന്നിന്റേയും പ്രതിമയും അരുത്. അവയെ സേവിക്കയോ നമസ്ക്കരിക്കയോ ചെയ്യരുത് ... (പുറപ്പാട് 20:3-5).

ദൈവത്തിനു പകരം മറ്റാരെയെങ്കിലും അല്ലെങ്കിൽ മറ്റെന്തിലെങ്കിലും മനസിനെ ഉറപ്പിക്കുന്നതാണ് പാപത്തിന്റെ മുഖ്യവശം. യോഹന്നാന്റെ വായനക്കാർ വെളിപ്പാട് 9:20 വായിക്കുമ്പോൾ, അവർ വിചാരിക്കുന്നത് ഒരുപക്ഷെ, "ആസ്യാ ഭൂഖണ്ഡത്തിലെ അസംഖ്യം അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ശ്രീകോവിലുകളും, പ്രത്യേകമായി ചക്രവർത്തിയുടെ-ബിംബങ്ങളെ വണങ്ങുന്നത് വർദ്ധിച്ചുവരുന്നതും ആയിരിക്കാം അവരുടെ മനസിലേക്ക് വന്നിരിക്കുക."[7] ഇന്ന് "ആ പുരാതന ബിംബങ്ങളിലധികവും ചരിത്ര സ്മാരകങ്ങളായി ... കാഴ്ച്ചബംഗ്ലാവിൽ-ശേഖരിച്ചു വെച്ചിരിക്കുന്നു,"[8] പക്ഷെ അതിനർത്ഥം വിഗ്രഹാരാധന അവസാനിച്ചു എന്നല്ല. ചില പ്രദേശത്ത് വിഗ്രഹമായി

ആകൃതിയില്ലാത്ത പാറയോ അല്ലെങ്കിൽ മരമോ ആയിരിക്കും. ചില മതവിഭാഗക്കാർ മറിയയുടെ രൂപത്തിലും, യേശുക്രിസ്തുവിന്റെ ബിംബവും, അവർ "വിശുദ്ധരാക്കിയ" ചില പുണ്യവാളന്മാരുടെ ബിംബങ്ങളെയുണ്ടാക്കി അവയെയും വണങ്ങും. ആ പരിശീലനങ്ങളെ കുറിച്ച് എൽഡ്രഡ് എക്കോൾസ് ഇങ്ങനെ പറഞ്ഞു:

> ഏത് തെറ്റായ വസ്തുവിനെ ആരാധിക്കുന്നതും – ഒരു വിശുദ്ധന്റേതായാലും, കന്യകമറിയാമിന്റേതായാലും, അല്ലെങ്കിൽ നിത്യനായ യേശു എന്ന ശിശുവിന്റേതായാലും, ശരി തെറ്റുതന്നെയാണ്. പൊന്നുകൊണ്ടുള്ളതിനോ പ്ലാസ്റ്റർ കൊണ്ടുള്ളതിനോ ഇന്ദ്രജാല ശക്തി കൽപിക്കുമ്പോൾ, അത് മന്ത്രവാദം ചെയ്യുന്നതിന് തുല്യമാണ്. ... വിഗ്രഹങ്ങളെ നമസ്കരിക്കുന്നവർ പറയുന്നത്, ഞങ്ങൾ ഭൗതികമായ വിഗ്രഹത്തെയല്ല മറിച്ച് അത് ആരെയാണോ പ്രതിനിധാനം ചെയ്യുന്നത് അവരെയാണ് നമസ്കരിക്കുന്നത് എന്നാണ്. ആളുകൾ പ്രത്യേകമായ ഒരു ബിംബത്തിന് ശക്തിയുണ്ടെന്ന ധാരണയാൽ തീർത്ഥയാത്ര ചെയ്തു അതിനെ പോയി വണങ്ങുകയോ, അല്ലെങ്കിൽ കന്യക മറിയാമിന് ശക്തിയുണ്ടെന്ന ധാരണയാൽ അതിനെ വണങ്ങുകയോ ചെയ്യുന്നവർക്ക് ആ സാഹചര്യം നില നിർത്തുക പ്രയാസമാണ്.[9]

നാം സ്വയം നീതീകരിക്കുന്നതിനു മുൻപ്, നമ്മിൽ പലരും യഥാർത്ഥവും, നിഗൂഢവുമായ "വിഗ്രഹങ്ങളെ" ആരാധിക്കുന്നവരാണ്:

> ... [നമ്മിൽ മിക്കപേരും] മാർബിളിൽ കൊത്തിയുണ്ടാക്കിയ വലിയ പക്ഷിയുടെ രൂപത്തെയോ, അല്ലെങ്കിൽ മരം കൊണ്ടുള്ള കണ്ണുകളെയോ നോക്കി ആരാധിക്കുകയില്ല ... പക്ഷെ യഹോവയോട് മൽസരിക്കുന്ന പല ദൈവങ്ങൾ നമ്മിലുണ്ട്.
>
> നാം പൊന്നുകൊണ്ടുള്ള കാളക്കുട്ടിയെ ഒരിക്കലും വണങ്ങിയിരിക്കയില്ല, പക്ഷെ നാം പൊന്നിനെ ആരാധിച്ചേക്കാം. നാം ഒരിക്കലും ബാലിന്റെ കടഞ്ഞെടുത്ത വിഗ്രഹത്തിന്റെ മുമ്പിൽ മുട്ട് കുത്തിയിരിക്കയില്ല, പക്ഷെ നാം പണത്തിന്റെ മുമ്പിൽ മുട്ടു കുത്തിയിരിക്കാം. ചില സമയത്ത്, അല്ലെങ്കിൽ മറ്റു സമയത്ത് നാം ദൈവത്തെ ആരാധിക്കുന്നതിനേക്കാൾ ഉപരിയായി, നമ്മുടെ അഭിലാഷത്തെ, ദുരഭിമാനത്തെ, സ്വാർത്ഥതയെ എപ്പോഴെങ്കിലും കണക്കാക്കിയിട്ടുണ്ടോ? നമുക്ക് *നന്നായി* തോന്നുന്ന പല കാര്യങ്ങൾ ഈ ലോകത്തുണ്ട്. പക്ഷെ അവ ഒന്നും *ദൈവം* അല്ല.[10]

കൊലൊസ്യർ 3:5–ൽ, പൗലൊസ് പറയുന്നു, "അത്യാഗ്രഹം" (കെജെവിയിൽ "ദുരാഗ്രഹം") വിഗ്രഹാരാധനയിലേക്കു നയിക്കും. നാം ജീവിതത്തിൽ എന്തിനാണോ *പ്രഥമ*സ്ഥാനം കൊടുക്കുന്നത്, അതാണ് നമ്മുടെ ദൈവം.[11]

മനുഷ്യർ തുടർച്ചയായി *ജഡത്തിന്റെ പാപങ്ങളോട്* പറ്റിച്ചേർന്നുകൊണ്ടിരിക്കുകയാണെന്നും യോഹന്നാൻ പറഞ്ഞു. കർത്താവിനെ അല്ലാതെ മറ്റെന്തിനെങ്കിലും അമിത പ്രാധാന്യം കൊടുത്താൽ അതിന്റെ പരിണിതഫലമുണ്ടാകും. വിഗ്രഹാരാധന വേരൂന്നിയാൽ, അഭക്തിയായിരിക്കും ഫലം. മനുഷ്യന്റെ വീഴ്ച്ച പരിശോധിച്ചപ്പോൾ, പൗലൊസ് ശ്രദ്ധിച്ചു, "ദൈവത്തിന്റെ സത്യം

അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ അവർ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ ..." (റോമർ 1:25) ഇത് അവരെ താഴെ കൊടുത്തിരിക്കുന്ന ജീവിതരീതിയിലേക്ക് മാറ്റി:

> അവർ സകല അനീതിയും, ദുഷ്ടതയും, അത്യാഗ്രഹവും, ദുർബുദ്ധിയും നിറഞ്ഞവർ, അസൂയ, കുല, പിണക്കം, കപടം, ദുശീലം എന്നിവ തിങ്ങിയവർ; കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ടന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കൽപിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ വാൽസല്യമില്ലാത്തവർ, കനിവറ്റവർ (റോമർ 1:29–31).

നാല് പ്രത്യേക പാപങ്ങളെ ചുണ്ടിക്കാണിച്ച്, യോഹന്നാന്റെ കാലത്തെ ധാർമ്മിക നിലവാരം എടുത്തു കാണിക്കുകയാണ് വെളിപ്പാട് 9. "അവരുടെ കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ വിട്ട് മാനസാന്തരപ്പെട്ടതുമില്ല"[13] (വാ. 21).

ആ നാലിൽ മൂന്ന് പാപവും പത്തുകൽപനകളിൽ വിലക്കിയിരുന്നവയാണ്:[14] ആറ്, ഏഴ്, എട്ട് എന്നീ കൽപനകളിൽ, "കുല ചെയ്യരുത്," "വ്യഭിചാരം ചെയ്യരുത്," "നീ മോഷ്ടിക്കരുത്" എന്നീ കൽപനകൾ കാണാം (പുറപ്പാട് 20:13–15). ജീവനെ സംരക്ഷിക്കുവാനായിരുന്നു കുല ചെയ്യരുത് എന്ന് കൽപിച്ചിരുന്നത് (ഉൽപത്തി 9:6; സംഖ്യാപുസ്തകം 35:33). ശരീരത്തെ സംരക്ഷിക്കുവാനായിരുന്നു വ്യഭിചാരം ചെയ്യരുത് എന്ന് കൽപിച്ചത്.[15] (1 കൊരിന്ത്യർ 6:18; എഫെസ്യർ 5:3; 1 തെസലൊനിക്യർ 4:3). സ്വത്ത് സംരക്ഷിക്കുവാനായിരുന്നു മോഷ്ടിക്കരുത് എന്ന് കൽപിച്ചത്. (സദൃശവാക്യങ്ങൾ 30:9; സെഖര്യാവ് 5:3; എഫെസ്യർ 4:28.)

ലിസ്റ്റിൽ മൂന്നാമത്തേതായ "ക്ഷുദ്രം" നമ്മിൽ ചിലർക്ക് പരിചയമില്ലാത്തതാണ്. അത് ഗ്രീക്ക് വാക്ക് *ഫാർമക്കെയിയായിൽ*[16] നിന്ന് തർജിമ ചെയ്തതാണ്, അതിൽനിന്നാണ് നമുക്ക് ഫാർമസി എന്ന വാക്ക് ലഭിച്ചത്. ആ വാക്ക് "പ്രാഥമികമായി 'മരുന്നുകളുടെ [അഥവാ] ഡ്രഗ്സിന്റെ ഉപയോഗത്തെയാണ് സൂചിപ്പിക്കുന്നത്.' " എന്ന ഡബ്ലിയു. ഈ. വൈൻ പിശദീകരിക്കുന്നു, എന്നാൽ അത് മന്ത്രവാദത്തെയും സൂചിപ്പിക്കുന്നതാണ്.[17] രണ്ടാമത്തെ ഉപയോഗത്തെക്കുറിച്ച് വൈൻ എഴുതി,

> മന്ത്രവാദത്തിൽ, സാധാരണ ... മന്ത്രോച്ചാരണത്തോടുകൂടെ മരുന്നുകളും ഉപയോഗിക്കുകയും അതിൽ ശക്തിയുണ്ടെന്ന് ധരിപ്പിക്കയും ചെയ്യും. ആഭിചാരത്തിൽ ആകർഷണീയ ശക്തിയുണ്ടെന്ന് വരുത്തിത്തീർക്കും. പലപ്പോഴും മന്ത്രവാദിയുടെ നിഗൂഢമായ ഉറവിടങ്ങളിൽ അടങ്ങിയിരിക്കുന്ന ശക്തികൊണ്ടു രോഗികളെയോ ഭൂതബാധിതരെയോ ആകർഷിക്കുന്ന വിവിധ രീതികളായിരിക്കും മന്ത്രവാദി ചെയ്യുന്നത്.[18]

ആഭിചാരമതങ്ങളിൽ ഇന്നും മരുന്നുകൾ ഉപയോഗിക്കുന്നു. അമേരിക്കയിലുള്ള നേറ്റിവ് അമേരിക്കൻ[19] ചർച്ച് പെയോട്ടെ ഉപയോഗിക്കും.[20] ലോകം മുഴുവൻ നോക്കിയാൽ ഉദാഹരണങ്ങൾ നിറഞ്ഞിരിക്കയാണ്.[21] ഇരുപതാം

നൂറ്റാണ്ടിലെ മരുന്നു സംസ്ക്കാരവും ഉദാഹരണമായി എടുക്കാവുന്നതാണ്.

വാക്യം 21 സൂചിപ്പിക്കുന്ന കുലപാതകം, ക്ഷുദ്രം, ദുർന്നടപ്പ്, മോഷണം എന്നിവ യോഹന്നാന്റെ കാലത്തെ മനുഷ്യരുടെ അവസ്ഥയെയാണെന്നാണ് കർശനഭൂതകാല സമീപനക്കാർ സ്വീകരിച്ചിരിക്കുന്നത്. ഭാവികാലസമീപന ക്കാർ/ആയിരാമാണ്ട് വാഴ്ച്ചക്കാർ അത് ഭാവിയിൽ ഒരേഴ് വർഷക്കാലം ലോക ത്തിൽ സംഭവിക്കുവാനിരിക്കുന്നതെന്നാണ് പറയുന്നത്. എങ്ങനെയായാലും, ആ രണ്ടു കാഴ്ച്ചപ്പാടുകളും എടുത്ത് അടുത്ത് നോക്കുക. പറഞ്ഞതായ പാ പങ്ങൾ മുൻപും, ഇപ്പോഴും, ഭാവിയിലും കർത്താവ് വരുന്നതുവരെ അനുതപി ക്കാത്തവരിൽ ഉണ്ടായിരിക്കും എന്നാണ് എനിക്ക് പറയുവാനുള്ളത്.

യോഹന്നാൻ പറഞ്ഞ ലിസ്റ്റിൽ ഹൃദയത്തിന്റേയും ജഡത്തിന്റേയും പാ പങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ആ രണ്ടിനെക്കുറിച്ചും ദൈവം വിചാരപ്പെടുന്നു. അതുകൊണ്ട് മനുഷ്യന് അകത്തും പുറത്തും ഹൃദയത്തിലെ ചിന്തകൾക്കും ശരീരത്തിലെ പ്രവൃത്തികൾക്കും മാനസാന്തരം ആവശ്യമാണ്. വാസ്തവ ത്തിലുള്ള മാനസാന്തരം "ജീവിതത്തിൽ മാറ്റം കൊണ്ടുവരുന്ന മനസിലുള്ള മാറ്റമാണ്" (പ്രവൃത്തികൾ 26:20). "നമുക്ക് ഉള്ളിൽ പുനക്രമീകരണവും" "പുറമെ പുനർനിർമ്മാണവുമാണ്"[22] ആവശ്യമെന്ന് റോബർട്ട് മുതോളന്റെ വാക്കുകളിലുണ്ട്.

## ഒരു സമയത്ത് കർത്താവിന്റെ ക്ഷമ നിന്നുപോകും (11:14, 15)

മാനസാന്തരപ്പെടേണമെന്നും - അതു ഉടനെ വേണമെന്നും പറയുവാൻ കാരണമെന്താണ്? കാരണം ദൈവത്തിന്റെ ക്ഷമ എന്നേക്കും കാത്തിരിക്കുക യില്ല. പിന്നീടുള്ള ശ്രമങ്ങളെല്ലാം പ്രയോജനമില്ലാത്തതായിരിക്കുമെന്ന് അവൻ തീരുമാനിക്കും. "[ദൈവത്തിന്റെ] ക്ഷമയല്ല, മറിച്ച് പ്രതികരിക്കുവാനുള്ള മനു ഷ്യന്റെ കഴിവാണ് നഷ്ടപ്പെടുന്നത്" എന്ന് മൈക്കിൾ വിൽക്കോക്ക് പറഞ്ഞു, "ഒരു സമയം വരുമ്പോൾ, അവസരങ്ങൾ നൽകാതിരിക്കും, കാരണം മനു ഷ്യൻ മാനസാന്തരപ്പെടാതിരിക്കത്തക്കവണ്ണം ഹൃദയങ്ങളെ കഠിനമാക്കും."[23]

പിന്നെ, "കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും, മൂലപദാർത്ഥങ്ങൾ കത്തി യഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും" (2 പത്രൊസ് 3:10).

"രണ്ടാമത്തെ കഷ്ടം കഴിഞ്ഞു, ഇതാ മൂന്നാമത്തേത് വേഗം വരുന്നു" (11:14). ആറാമത്തെ കാഹളം ഊതിയപ്പോൾ, നശിപ്പിക്കുന്ന സൈന്യം പുറപ്പെട്ടുവന്നതായിരുന്നു "രണ്ടാമത്തെ കഷ്ടം." ദൈവത്തിന്റെ അവസാന മുന്നറിയിപ്പായിരുന്നു കാഹളം.[24] മെറിൽ സി. ടെനി എഴുതി, "തിരുത്തൽ തള്ളിക്കളഞ്ഞാൽ നാശം. മനുഷ്യർ മാനസാന്തരപ്പെട്ടില്ലെങ്കിൽ അവരെ ഛേദിച്ചുകളയും. കാരണം ദൈവത്തിന് പാപം എന്നേക്കും സഹിക്കുവാൻ സാധ്യമല്ല. ഒരു സമയത്ത് ... അവൻ ദുഷ്ടത നീക്കി നീതി സ്ഥാപിക്കും."[25]

ഏഴാമത്തെ കാഹളമായിരിക്കും അവസാന "കഷ്ടം." ഏഴാമത്തെ ദൂതൻ ഊതുന്നതോടെ "ദൈവത്തിന്റെ മർമ്മം" "അവസാനിക്കുന്നു" (10:7). അദ്ധ്യായം 11 "അവസാന കാഹളത്തെ" കുറിച്ചാണ് നമ്മോട് പറയുന്നത്:

> ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ "ലോകരാജത്വം നമ്മുടെ കർത്താ

വിന്നും അവന്റെ ക്രിസ്തുവിന്നും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെ ന്നേക്കും വാഴും എന്ന് സ്വർഗത്തിൽ ഒരു മഹാഘോഷമുണ്ടായി" (11:15).

അത് സംഭവിക്കുമ്പോൾ, മാനസാന്തരപ്പെടുവാനുള്ള അവസരം എന്നേക്കുമായി അവസാനിക്കും!

**ഉപസംഹാരം**

തിരിഞ്ഞ് ആറുകാഹളങ്ങളേയും, വരുവാനിരിക്കുന്ന ഏഴാമത്തെ കാഹളത്തെ കുറിച്ചും നാം നോക്കിക്കഴിയുമ്പോൾ, പല പ്രധാനപ്പെട്ട പാഠങ്ങൾ നാം പഠിക്കും:

(1) പാപം ഭയങ്കരമാണ്.
(2) പാപം തൊടുന്നതിനെയെല്ലാം നശിപ്പിക്കും.
(3) പാപം ദൈവത്തോടുള്ള ധിക്കാരമാണ്.
(4) നാം പാപം ചെയ്യുമ്പോൾ ദൈവം നമ്മോട് കരുണകാണിക്കയും ക്ഷമ കാ ണിക്കയും ചെയ്യും.
(5) നാം മാനസാന്തരപ്പെട്ടാൽ മാത്രമെ ദൈവകരുണ നമുക്ക് പ്രയോജനപ്പെടു.
(6) വാസ്തവത്തിലുള്ള മാനസാന്തരം ഉള്ളിലും പുറത്തും മാറ്റം വരുത്തും.
(7) സമയം കുറവും അനിശ്ചിതത്വവുമുള്ളതാണ്. നാം മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് ഇപ്പോൾ തന്നെ ചെയ്യുക.

"കാഹളം മുന്നറിയിക്കുന്നു" എന്ന സത്യം നിങ്ങൾ ഓർക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മെ പ്രകൃതി ദുരന്തങ്ങളിൽ കൂടെയും, പാപിക്ക് സംഭവിക്കുന്ന ഭയങ്കര അനുഭവങ്ങളിൽകൂടെയും, പാപം മറ്റുള്ളവരിൽ ഉളവാക്കുന്ന ഫലങ്ങളിൽ കൂടെയും മുന്നറിയിക്കുകയാണ്. ആരോ ന്യായവിധിയിൽ ഇങ്ങനെ നിലവിളിക്കുന്നതായി എനിക്ക് ഊഹിക്കുവാൻ കഴിയും, ''കർത്താവേ, നീ എന്താണ് എന്നെ മുന്നറിയിക്കാതിരുന്നത്?'' എന്നചോദ്യത്തിന്, കർത്താവ് ഖേദത്തോടെ ഇങ്ങനെ മറുപടി പറയും: ''നിന്റെ വീടിന്റെ അടുത്ത് കടൽത്തിര ആഞ്ഞടിച്ചുകയറി അനേകം പേരെ എടുത്തുകളഞ്ഞതും, അനവധി വീടുകളും തകർന്നടിഞ്ഞതും നിന്റെ പ്രദേശത്തായിരുന്നില്ലേ? നീ കള്ളം പറഞ്ഞതിന്റെ പിറ്റേ രാത്രി നീ ഉറങ്ങാതിരുന്നത് ഓർക്കുന്നില്ലേ? അപകടം സംഭവിച്ച് ശരീരങ്ങൾ ചിതറിപ്പോയത് നീ കണ്ടതല്ലേ? അതെല്ലാം നിന്നെ മുന്നറിയിക്കുന്നതിനായിരുന്നു ചെയ്തത്, എന്നിട്ടും നീ ശ്രദ്ധിച്ചില്ല!"

വർഷങ്ങൾക്ക് മുൻപ്, ഗ്രെയിറ്റർ ഓക്ലഹോമ സിറ്റിയിലെ വില്ലേജ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ ഞാൻ പ്രസംഗിച്ചിരുന്നപ്പോൾ, ഒരു ശ്രവണസഹായിയുമായി ഒരാൾ പലപ്പോഴും പ്രസംഗം കേൾക്കുവാൻ വന്നിരുന്നു. ഞാൻ എത്ര പ്രാവശ്യം അപേക്ഷിച്ചിട്ടും അദ്ദേഹം ഇളകിയില്ല. ഞാൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ അദ്ദേഹം ആ മിഷ്യൻ പ്രവർത്തിപ്പിക്കാതിരിക്കുകയാണോ എന്ന് ഞാൻ സംശയിച്ചിരുന്നു. ആ മനുഷ്യനെ എനിക്ക് അറിഞ്ഞുകൂടായിരുന്നു, എന്നാൽ ഇന്ന് പലരും കർത്താവിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ടാണിരിക്കുന്നത് (മത്തായി 13:15). നിങ്ങൾ എന്നെ അവഗണിക്കുന്നോ ഇല്ലയോ എന്നത് പ്രാധാന്യമുള്ള കാര്യമല്ല, പക്ഷെ ദൈവത്തെ അവഗണി

ക്കരുത്! മുന്നറിയിപ്പുകളെ അവഗണിച്ച ആ ഹാരിയെപോലെ ആകരുത്. നിങ്ങൾ കർത്താവിങ്കലേക്ക് മടങ്ങിവരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇന്നു തന്നെ അത് ചെയ്യുക![26]

---

കുറിപ്പുകൾ

[1]ബില്ലിഗ്രഹാമിന്റെ അപ്രോച്ചിങ്ങ് ഹൂഫ്ബീറ്റ്സിൽനിന്ന് എടുത്തതാണ് ഹാരിയുടെ സംഭവം: ദ ഫോർ ഹോഴ്സ്മെൻ ഓഫ് ദ അപോകാലിപ്സ് (ന്യുയോർക്ക്: ഏവൺ ബുക്ക്സ്, 1985), xi. xii. [2]ജി. ബി. കെയിഡ്, *എ കമെന്ററി ഓൺ ദ റെവെലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം ആന്റ് ചാൾസ് ബ്ലാക്ക്, 1966), 123. [3]ലിയോൺ മോറിസ്, *റെവെലേഷൻ,* റെവ. എഡി., ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 124. [4]ഡാനിയേൽ റസൽ, *പ്രീച്ചിങ്ങ് ദ അപോകാലിപ്സ്* (ന്യുയോർക്ക്: അബിങ്ങ്ടൺ പ്രസ്, 1935), 143–44. [5]കെജെവിയിൽ "വർഷിപ് ഡെവിൾസ്" എന്നാണ് പക്ഷെ പിശാച് ഒന്നേയുള്ളു. ഏറ്റവും ശരിയായത് "ഡീമൺസ്" എന്നതായിരിക്കും. പഴയനിയമത്തിലും പുതിയനിയമത്തിലും ജാതികളുടെ ആരാധന ഭൂതങ്ങൾക്ക് ബലി കഴിക്കുന്നതായിട്ടായിരുന്നു കണക്കാക്കുന്നത് (ആവർത്തനപുസ്തകം 32:17; സങ്കീർത്തനങ്ങൾ 106:37; 1 കൊരിന്ത്യർ 10:20). ദുരുപദേശങ്ങളെ ഭൂതങ്ങളുടെ ഉപദേശമായിട്ടായിരുന്നു കണക്കാക്കിയിരുന്നത് (1 തിമൊഥെയൊസ് 4:1). [6]വിഗ്രഹങ്ങളെ കുറിച്ചുള്ള അതേ വിവരണങ്ങൾ ബൈബിളിലുടനീളം കാണാം. ആവർത്തനപുസ്തകം 4:28; സങ്കീർത്തനങ്ങൾ 115:4–8; 135:15–18; യെശയ്യാവ് 44:12–20; യിരെമ്യാവ് 1:16; മീഖാ 5:13; പ്രവൃത്തികൾ 7:41 നോക്കുക. [7]മാർട്ടിൻ കിഡിൽ, *ദ റെവെലേഷൻ ഓഫ് സെന്റ് ജോൺ*, ദ മൊഫാറ്റ് ന്യുടെസ്റ്റമെന്റ് കമെന്ററി സീരീസ് (ന്യുയോർക്ക്: ഹാർപർ & ബ്രദേഴ്സ് പബ്ലിഷേഴ്സ്, 1940), 165. [8]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ ഫൗണ്ടഷേൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 216. [9]എൽഡ്രഡ് എക്കോൾസ്, *ഹാവ് ഇൻടുയു ഹേഡ്? ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുന്നു!: അൺലോക്കിങ്ങ് ദ കോഡ് ടു റെവെലേഷൻ* (ഫോർട്ട്വർത്ത്, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1995), 180. [10]ഡേവിഡ് റോപ്പർ, "*ദ ഡേ ക്രൈസ്റ്റ് കെയിം (എഗെയിൻ)" ആന്റ് അദർ സെർമൺസ്* (ഡള്ളാസ്: ക്രിസ്റ്റ്യൻ പബ്ലിഷിങ്ങ് കമ്പനി., 1964), 65.

[11]ഞാൻ ചിലപ്പോൾ ജുഡ്സോണിയയിലെ അംഗങ്ങൾക്ക് ക്ലാസെടുക്കുമ്പോൾ, അവരോട്, ആളുകൾ കർത്താവിന് പകരം പ്രഥമ സ്ഥാനം കൊടുക്കുന്നതിന്റെ ഒരു ലിസ്റ്റ് തയ്യാറാക്കുവാൻ പറയും. അവർ വളരെ താൽപര്യം ജനിപ്പിക്കുന്ന ലിസ്റ്റുമായി വരും. [12]പരസംഗം എന്നത് ഗ്രീക്ക് വാക്കായ പോരുയേരാ തർജിമ ചെയ്തതാണ് (കെജെവി നോക്കുക). ഈ സന്ദർഭത്തിൽ, പൊതുവിൽ പറയുന്നത് *ലൈംഗികപാപത്തെ*യാണ്. എൻഐവിയിൽ "ലൈംഗിക ദുർന്നടപ്പ്" എന്നാണ്. [13]ആ പാപങ്ങൾ യോഹന്നാന്റെ കാലത്തെ പ്രത്യേക പാപങ്ങളായിരുന്നു. നമ്മുടെ കാലയളവിലും ആ പാപങ്ങൾ സാധാരണയാണ്. പലപ്പോഴും ആ പാപങ്ങളെ തിരുവെഴുത്തിൽ ഒരുമിച്ചാണ് പറഞ്ഞിട്ടുള്ളത് (യിരെമ്യാവ് 7:9; ഹോശേയാ 4:2; ഗലാത്യർ 5:19–21). [14]വാക്യം 21–ൽ വിലക്കിയിട്ടുള്ള പാപങ്ങളടക്കം പഴയനിയമത്തിലെ പത്തുകൽപനകളിൽ ഒമ്പതും പുതിയനിയമത്തിലുണ്ട്. എന്നാൽ നാം ഇന്ന് പത്തുകൽപനകൾ പോലെയുള്ള പഴയനിയമത്തിനല്ല അധീനരായിരിക്കുന്നത് (റോമർ 13:9 നോക്കുക). (പത്തുകൽപനകളിൽ പുതിയനിയമത്തിൽ ആവർത്തിക്കാത്ത കൽപന നാലാമത്തേതാണ്: "ശബ്ബത്തു നാ

ളിനെ; ശുദ്ധീകരിപ്പാനോർക്ക"). [15]വിവാഹവും കുടുംബവും സംരക്ഷിക്കുന്നതിനു കൂടെയാണ് ഈ വിലക്ക്. [16]ഗ്രീക്ക് വാക്ക് പുതിയനിയമത്തിൽ മൂന്നു പ്രാവശ്യമുണ്ട്: ഇവിടെയും, വെളിപ്പാട് 18:23 ലും, ഗലാത്യർ 5:20 ലും. ഗലാത്യർ 5:20 കെജെവി തർജിമ ചെയ്തിരിക്കുന്നത് "വിച്ച്ക്രാഫ്റ്റ്" എന്നാണ്, എന്നാൽ എൻകെജെവിയിൽ "സോഴ്സെറി" എന്നാണ്. വെളിപ്പാട് 9:21-ൽ എൻഐവിയിൽ "മാജിക് ആർട്ട്സ്" എന്നാണ്, വെളിപ്പാട് 18:3-ൽ "മാജിക് സ്പെൽ" എന്നാണ്. "കഞ്ചൂറിയിങ്ങും" "സോഴ്സെറി" യും തമ്മിലുള്ള വ്യത്യാസം നോക്കുന്നത് നന്നായിരിക്കും. ബഹുമാനിക്കപ്പെടുന്ന കഞ്ചൂണേഴ്സ് ("മന്ത്രവാദികൾ") തങ്ങൾ മാന്ത്രികശക്തിയുണ്ടെന്ന് നടിക്കുകയില്ല; അവരുടെ മാന്ത്രികപ്രവൃത്തികൾ കടങ്കഥകളേക്കാൾ അൽപം മികച്ചതായതുകൊണ്ട് അതെന്താണെന്നറിയുവാൻ സദസ്യർക്ക് ആകാംക്ഷയുണ്ടാകും. [17]ഡബ്ലിയു. ഈ. വൈൻ, ദ എക്സ്പാൻ്റഡ് വൈൻസ്, എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂടെസ്റ്റമെൻ്റ് വേർഡ്സ്, എഡി. ജോൺ ആർ. കോലെൻബർഗർ III വിത്ത് ജെയിംസ് എ. സ്വാൻസൺ (മിന്നെപൊലിസ്, മിൻ.: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 1064–65. [18]ഇബിഡ്., 1065. [19]"പെയോട്ടെ" എന്നത് വടക്കെ മെക്സിക്കോയിലും, തെക്കുപടിഞ്ഞാറൻ അമേരിക്കയിലും മറ്റും കാണുന്ന ഒരു തരം കള്ളിച്ചെടിയാണ്. അതിൽ ക്ഷാരഗുണമുള്ള മായാദൃശ്യം നൽകുന്ന വിവധ വികൃതമായ വർണ്ണങ്ങളും കാണാം. അതിനെ അറിയപ്പെടാത്ത "വിഷൻസ്" എന്ന് വിളിക്കുന്നു. [20]നേറ്റിവ് അമേരിക്കൻ ചർച്ച് എന്നത് പല ഗോത്രങ്ങളിൽനിന്നുള്ള അമേരിക്കൻ ഇന്ത്യക്കാരുടെ സംഘടനയാണ്. മുഖ്യമായും തെക്കുപടിഞ്ഞാറൻ അമേരിക്കയിലാണ് ഇവരെ കാണപ്പെടുന്നത്. അവർ ക്രിസ്ത്യാനിത്വത്തെയും അതൊടൊപ്പം "സാക്രിമെൻ്റൽ" പെയോട്ടെ മരുന്നും എടുക്കും.

[21]നിങ്ങളുടെ വിദ്യാർത്ഥികൾക്ക് സുപരിചിതമായ ഉദാഹരണങ്ങൾ നിങ്ങൾക്ക് എടുക്കാം. [22]എം. റോബർട്ട് മുതോളൻ്റ്, ജൂനിയർ., *റെവെലേഷൻ: ഹോളി ലിവിങ്ങ് ഇൻ ആൻ അൺഹോളി വേൾഡ്.* ഫ്രാൻസിസ് ആസ്ബറി പ്രസ്, കമെൻ്ററി, ജെന. എഡി. എം. റോബർട്ട് മുതോളൻ്റ്, ജൂനിയർ. (ഗ്രാൻ്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 199. [23]മൈക്കിൽ വിൽക്കോക്ക്, ഐ സാ ഹെവെൻ ഓപ്പെൻ്റ്: ദ മെസേജ് ഓഫ് റെവെലേഷൻ, ദബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണെഴ്സ് ഗ്രോവ്, Ill. ഇൻ്റർവാഴ്സിറ്റി പ്രസ്, 1975), 102. [24]ഏഴ് കലശങ്ങൾ വരുവാനിരിക്കുന്നതേയുള്ളു (അദ്ധ്യായങ്ങൾ 15 ഉം 16 ഉം), പക്ഷെ കലശങ്ങളുടെ ഉദ്ദേശം മുന്നറിയിക്കലല്ല, ശിക്ഷിക്കലാണ്. [25]മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ദ ന്യൂടെസ്റ്റമെൻ്റ്: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഗ്രാൻ്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 44. ടെനി ജലപ്രളയത്തിന് മുൻപുള്ള, സോദോമിനെയും ഗൊമോറയെയും, ബാബേലിനെയും യെരുശലേമിനേയും കുറിച്ചായിരുന്നു ചിത്രീകരിച്ചത്. [26]നിങ്ങൾ ഇത് ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, ഒരു അ-ക്രൈസ്തവൻ എങ്ങനെ ക്രിസ്ത്യാനിയാകണമെന്നും, പിൻമാറ്റത്തിലായ ക്രിസ്ത്യാനിക്ക് എങ്ങനെ തിരിച്ചുവരാമെന്നും വ്യക്തമാക്കുക. ഈ പുസ്തകത്തിൽ ആദ്യം വന്നതാണ് "ദൈവത്തിൻ്റെ ഉണരു-വാനുള്ള വിളി" "പാപത്തിൻ്റെ സ്വയ-നശീകരണസ്വഭാവം" എന്നീ പാഠങ്ങളുടെ ഉപസംഹാരങ്ങൾ നോക്കുക.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. നിങ്ങൾ എപ്പോഴെങ്കിലും മുന്നറിയിപ്പ് അവഗണിച്ചതിൻ്റെ ഫലം അനു ഭവിച്ചിട്ടുണ്ടോ?

2. പാപത്തിന്റെ ഭയങ്കരമായ അനുഭവങ്ങൾ മാനസാന്തരത്തിനാണെന്ന് നാം കാണുകയുണ്ടായി – എന്നാൽ അങ്ങനെ സംഭവിച്ചോ? (9:20, 21 നോക്കുക.) ഇന്ന് എങ്ങനെയാണ്? പാപം ഭയങ്കരമായ അനന്തര ഫലങ്ങളെ പുറപ്പെടുവിക്കുന്നു, പക്ഷെ അത് ഭൂരിഭാഗം ആളുക ളിലും എന്തെങ്കിലും മാറ്റമുാക്കുന്നുണ്ടോ?
3. വിഗ്രഹാരാധന ഇന്നും പ്രശ്നമാണോ?
4. വാക്യം 21-ൽ പറഞ്ഞ നാല് പാപങ്ങൾ പറയുക. അവ ഇന്നു മുണ്ടോ?
5. ഒരിക്കൽ അറിയിച്ചശേഷം ദൈവം ആളുകളെ തന്നിലേക്ക് ഇനി അടുപ്പിക്കുവാൻ ശ്രമിക്കുകയില്ല എന്ന അവസ്ഥയുണ്ടാകുമോ? പ ിന്നെ എന്തു സംഭവിക്കും? ന്യായവിധിദിവസത്തിനുവേണ്ടി നി ങ്ങളും ഞാനും എങ്ങനെ ഒരുങ്ങും?